# <u>ബോണ്ടാക്കള്ളൻ</u>

"ദേ അവിടെ, കഴിച്ചേന്റെ പൈസ തന്നിട്ട് പോ മോനെ. ഡാ പയ്യാ, അവിടെ നിക്കാൻ..."

കൂട്ടത്തോടെ നടന്നു നീങ്ങിയ സ്കൂൾ കുട്ടികളെയും അവരുടെ ഒപ്പം വന്ന സാറന്മാരെയും പുറകീന്ന് കൈകൊട്ടി വിളിച്ച് ചായക്കടക്കാരൻ പറഞ്ഞു.

ആദ്യം കാണുന്ന ഒരു പയ്യനെ ഒക്കെ "മോനെ" എന്ന് കേറി വിളിക്കണേൽ ആ മോന്റെ മുൻപിൽ വേറെ എന്തേലും ഒക്കെ വിശേഷണം കാണണം.

ആരെ ഉദ്ദേശിച്ചാവുമോ. ഞാൻ വണ്ടറടിച്ചു. ഏതോ ഒരുത്തൻ തിന്നേച്ച് പൈസ കൊടുക്കാതെ മുങ്ങീട്ടുണ്ട്. അതാണ് അയാൾ വിളിച്ചു കൂവുന്നത്.

"ബാക്കിയുള്ളോരേ കൂടി നാണം കെടുത്താൻ ഓരോന്ന് ഇറങ്ങിക്കോളും". ഞാൻ മനസ്സിൽ ഓർത്തു.

ആരാവും അങ്ങനെ ഒരു വൃത്തികെട് കാണിച്ചത്. ഹോട്ടലിൽ കേറി മൂക്കുമുട്ടെ തിന്നിട്ട് പൈസ കൊടുക്കാതെ ഇറങ്ങി പോരുക. ആരും ഇത്രേം ചീപ്പാകാൻ പാടില്ല.

കുറ്റവാളി ആരാന്നറിയാനുള്ള ആകാംഷയോടെ ഞാനും ചുറ്റും നോക്കി. എന്നെ എന്തിനും ഏതിനും എപ്പഴും പരിഹസ്സിക്കുന്നവന്മാർക്ക് ഒരു തിരിച്ചടി കൊടുക്കണം. ഞാൻ മനസ്സിലോർത്തു പക്ഷെ ഞാൻ പ്രതീക്ഷിച്ചത്ര കൂസ്സൽ ആരുടെ മുഖത്തും കാണുന്നില്ല.

സാധാരണ ഇമ്മാതിരി നമ്പർ ഇടുന്നത് ളാമണ്ണി സജിയാണ് പക്ഷെ അവൻ തല ഉയർത്തി കല്ല് പോലെ നിക്കുന്നു. അപ്പൊ അവനല്ല.

"ഡാ അവിടെ നിക്കാൻ"

മണിമലയിൽ നിന്നുള്ള ഞങ്ങളുടെ ഗ്രൂപ്പിനെ ലക്ഷ്യമാക്കിയാണ് അയാളുടെ വരവ്. അയാൾ അടുത്തടുത്ത് വരികയാണ്.

അടുത്തെത്തിയപ്പോൾ എനിക്ക് മനസ്സിലായി...അയാളുടെ നോട്ടം എന്റെ നേർക്കാണ്.

കർത്താവേ ഞാനോ!

"തിന്നതിന്റെ പൈസ കൊടുത്തിട്ട് പോ മോനെ"

അയാൾ എന്റെ മുഖത്തേക്കാണ് നോക്കുന്നത്, ഞാൻ ഉറപ്പിച്ചു.

ഒടുവിൽ അയാളുടെ കൈ എന്റെ തോളിൽ പതിച്ചപ്പോൾ എനിക്ക് പൂർണ്ണവിശ്വാസ്സമായി...അയാൾ ഉന്നം വച്ചത് എന്നെ തന്നെയാണ്.

കൂട്ടത്തിലുള്ള വേറെ ആരേലും നാണം കെടുന്നത് കാണാൻ കാത്തിരുന്ന എനിക്ക് തന്നെ ഈ ഗതി വന്നല്ലോ.

എന്ത് മറുപടി പറയണം എന്നറിയാത് ഞാൻ പകച്ചു. ഇടക്ക് ഞാൻ കൂടെ വന്ന ഉമ്മച്ചൻ സാറിനെ നോക്കുന്നുണ്ട്, ചൂണ്ടിക്കാണിച്ച് എന്തൊക്കെയോ പറയാൻ ശ്രമിക്കുന്നുണ്ട് പക്ഷെ കൂടെ വന്ന കുട്ടികളുടെ പരിഹാസ്സ ചിരിയിലും അവരുടെ കമന്റുകളിലും ഞാൻ പറയുന്നതൊന്നും ആരും കേൾക്കുന്നില്ല.

ഞാൻ നിന്നിടത്ത് നിന്ന് വിറയ്ക്കുകയും വിയർക്കുകയും ചെയ്തു. എന്ത് പറയണം, എങ്ങനെ പറയണം. ഭാക്ഷ അറിയാത്തവൻ മറുനാട്ടിൽ ചെന്ന അവസ്ഥ.

തിന്ന ബോണ്ടയും കുടിച്ച ചായയും ആവിയായി പോയി.

*

പുലിക്കല്ല് സ്കൂളിൽ നിന്നും താലൂക്ക് അടിസ്ഥാനത്തിലുള്ള സ്പോർട്സ് മത്സരം കഴിഞ്ഞുള്ള വരവാണ്. പുലിക്കല്ല് സ്കൂളിൽ ഓട്ടത്തിന് ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾക്ക് വാഴൂർ എസ്. ആർ. വി. എൻ. എസ്. എസ് സ്കൂളിൽ താലൂക്ക് മത്സരം.

കൂടെ ഓടാൻ വന്നത് കാവാലം പോളിയും മാങ്കൽ സജിയുമാണ്. രണ്ടും അദ്ധ്യാപകരുടെ മക്കൾ.

മറ്റ് താലൂക്കുകളിൽ നിന്നും വന്ന കുട്ടികളോടൊപ്പം ഞങ്ങളും ഓടി മത്സരിച്ചു എങ്കിലും ഓടി തളന്നു വന്ന പോളിക്കും സജിക്കും ഗ്ലൂക്കോസ് പൊടി കൊടുക്കാൻ കാർത്ത്യായനി ടീച്ചർ മറന്നില്ല. അവര് രണ്ടാളും സാറന്മാരുടെ മക്കൾ ആണല്ലോ. വെറും ഒരു പലചരക്ക് കച്ചവടക്കാരന്റെ മകനായ എനിക്ക് ഗ്ലൂക്കോസ് തരാൻ കാർത്ത്യായനി ടീച്ചർ മറന്നു. അല്ലെങ്കിൽ മറന്നതായി നടിച്ചു.

അല്ലെങ്കിൽ തന്നെ ഓട്ട മത്സരത്തിൽ വെറും മൂന്നാം സ്ഥാനം മാത്രം കരസ്ഥമാക്കിയ എനിക്കെന്തിനാ ഗ്ലൂക്കോസ്!

അദ്ധ്യാപകരുടെ പക്ഷാഭേദം ആദ്യം തിരിച്ചറിഞ്ഞ ദിവസം.

മത്സരം എല്ലാം കഴിഞ്ഞ് തിരികെ മണിമല ലക്ഷ്യമാക്കി ബസ് വിടുന്നതിന് മുൻപ് ഉമ്മച്ചൻ സാർ പറഞ്ഞു

"ഒരു കാപ്പി കുടിച്ചിട്ട് പോകാം. ആർക്കേലും എന്തേലും വേണോങ്കിൽ മേടിച്ചു കഴിച്ചോണം”

ഒരു ഔദാര്യത്തിന്റെ ധ്വനി അതിൽ ഞാൻ മുഴങ്ങിക്കേട്ടു.

പത്തിന് മേലെ കുട്ടികൾ ഗ്രൂപ്പിലുണ്ട്. എല്ലാരും ഓരോ മെഡൽ മോഹിച്ചു വന്നവർ.

എന്റെ വകയിലൊരു പെങ്ങളുടെ വകയിലൊരു അളിയനാണ് ഉമ്മച്ചൻ അഥവാ ഉമ്മച്ചൻ സർ.

വീട്ടിൽ വരുമ്പോൾ അളിയാ എന്നും സ്കൂളിൽ വരുമ്പോൾ സാറേ എന്നും വിളിച്ചു പോന്നു ഞാൻ അദേഹത്തെ. ഒരുമാതിരി അളിയൻ സാർ!

അങ്ങേരാണ് പറഞ്ഞത് ആർക്കേലും എന്തേലും വേണേൽ മേടിച്ചു തിന്നോണം.

ഈ ട്രിപ്പിന്റെ പേരും പറഞ്ഞ് എട്ട് രൂപ സ്കൂൾ അധികൃതർ മാതാപിതാക്കളോട് വാങ്ങിയിരുന്നു. അപ്പോൾ പിന്നെ അതിൽ നാലുമണി കാപ്പിയും ഉണ്ടാവും.

സർ പറഞ്ഞത് കേട്ട പാതി കേൾക്കാത്ത പാതി ഞാൻ എന്റെ ഓർഡർ മനസ്സിൽ കരുതി.

“ബോണ്ട തിന്നിട്ടില്ലാത്ത ആരേലും ഉണ്ടോ?” എന്ന് മലയാളം പഠിപ്പിക്കുന്ന കുഞ്ഞപ്പൻസാർ ക്ലാസ്സിൽ ചോദിച്ചപ്പോൾ എഴുന്നേറ്റ് നിൽക്കാൻ ഞാനേ ഉണ്ടാരുന്നുള്ളു. മുഞ്ഞനാട്ട് ജോർജ്ജും നരിതൂക്കി തൊമ്മനും ഒക്കെ ഒരു കാരണവശാലും ബോണ്ട തിന്നിട്ടുണ്ടാവില്ല എന്നെനിക്ക് നിശ്ചയം ഉണ്ടായിരുന്നു പക്ഷെ അവന്മാർ ആരും ഇരുന്നിടത്ത് നിന്ന് അനങ്ങിയില്ല. നാണം കെടാനും മറ്റ് പിള്ളേരുടെ കളിയാക്ക് സഹിക്കാനും ഞാൻ മാത്രം.

ഇതുതന്നെ അവസ്സരം.

ഞാൻ നാല് ബോണ്ടയും ഒരു ചായയും ഓർഡർ ചെയ്തു.

വീട്ടിൽ കാപ്പി കൃഷി ഉണ്ടായിരുന്നതിനാൽ വീട്ടിൽ എന്നും കാപ്പിയായിരുന്നു കുടിച്ചിരുന്നത്. ഒരു ചായ കുടിക്കാൻ ഇതുപോലെ വല്ലതും ഒക്കണം.

ഞാൻ അവസ്സരം പാഴാക്കിയില്ല.

“ഇനി വല്ലോം വേണോ?” ആക്രാന്തം മൂത്ത എന്റെ തീറ്റി കണ്ടപ്പോൾ ചായക്കടക്കാരൻ എന്നെ പ്രോത്സാഹിപ്പിച്ചു.

പകൽ മുഴുവൻ വാടാ വെയിലത്ത് പുലിക്കല്ല് സ്കൂളിന്റെ യശസ്സ് ഉയർത്തിക്കാട്ടാൻ ചോര നീരാക്കിയ ഞാൻ ഇതൊക്കെ അല്ലെ മേടിച്ചു കഴിക്കുന്നുള്ളൂ.

വയറ് നിറഞ്ഞു എന്നൊരു ഫീലിംഗ് വന്നപ്പോൾ ഞാൻ എഴുന്നേറ്റ് കൈ കഴുകി. അപ്പോഴേക്കും ബാക്കി ഉള്ളവരും കഴിച്ചു തീർന്നിരുന്നു.

എല്ലാരും ഹോട്ടലിന് പുറത്തേക്ക് ഇറങ്ങിയ കൂട്ടത്തിൽ ഞാനും അവരോടൊപ്പം ചേർന്നു...പിന്നിൽ പതിയിരിക്കുന്ന അപകടം മനസ്സിലാക്കാതെ.

*

"പോളെ നീ പൈസ കൊടുത്തില്ലേ"

ഉമ്മച്ചൻ അളിയൻ എന്നെ നോക്കി ചോദിച്ചു.

"ഇല്ല"

"എന്നാ കൊടുക്കാഞ്ഞേ"

"എന്റെ കൈയിൽ പൈസയില്ല"

"പിന്നെ എന്തിനാ കേറി മൂ.."

പറയാൻ വന്നത് ഉള്ളിൽ അടക്കി അളിയൻ ചോദിച്ചു "പിന്നെ എന്തിനാ നീ കേറി കഴിച്ചത്"

"അച്ചാച്ചൻ രൂപ തന്നില്ലേ. എട്ട് രൂപ. അതീന്ന് കൊടുക്കുമെന്നാ കരുതിയത്" എന്ന് പറയാനുള്ള വകതിരിവ് ഇല്ലാതിരുന്നതിനാൽ ഞാന ഒന്നും മിണ്ടിയില്ല

പകരം ഞാൻ പറഞ്ഞു "എനിക്ക് വിശന്നിട്ട്"

എല്ലാം ശ്രദ്ധിച്ചു നിന്ന മറ്റ് കുട്ടികൾ കുശുകുശുക്കാനും എന്നെ നോക്കി ചിരിക്കാനും തുടങ്ങി.

എന്ത് ചെയ്യണം എന്നറിയാതെ ഞാൻ നിന്ന് വിയർത്തു.

"എത്രയാ അവന്റെ?"

ഉമ്മച്ചൻ സാർ ഹോട്ടൽ ഉടമയെ നോക്കി ചോദിച്ചു.

"രണ്ടു രൂപ മുപ്പത് പൈസ സർ"

ഉമ്മച്ചൻ സാർ എന്നെ ഇരുത്തി ഒന്ന് നോക്കീട്ട് രണ്ടു രൂപ മുപ്പത് പൈസ തന്റെ അണ്ടർവെയറിന്റെ പോക്കറ്റിൽ നിന്നും എടുത്ത് കൊടുത്തു.

തിരികെ മണിമല എത്തുന്നിടം വരെ ഉമ്മച്ചൻ സാർ എന്നോട് ഒന്നും മിണ്ടിയില്ല പക്ഷെ കൂടെ വന്നിരുന്ന പിള്ളേർക്ക് പറഞ്ഞ് ഉല്ലസിക്കാൻ ഒരു കാരണം കിട്ടി.

അപമാനം അവിടം കൊണ്ടും തീർന്നില്ല.

ഉമ്മച്ചൻസാർ അത് എന്റെ അപ്പനോടും പറഞ്ഞു. കാരണം അങ്ങേരുടെ "രണ്ടു രൂപ മുപ്പത് പൈസ" അങ്ങേർക്ക് തിരികെ കിട്ടണ്ടേ?

അങ്ങനെ വേലിയേൽ ഇരുന്ന മൂന്നാം സ്ഥാനം ഞാൻ എടുത്ത് പറയാൻ പറ്റാത്തിടത്ത് വച്ച അവസ്ഥയായി.

അന്നാണ് എനിക്ക് ശരിക്കും ബോണ്ടാ കള്ളൻ എന്ന് പേര് വീണത് പക്ഷെ എനിക്ക് വീണ മറ്റു പേരുകൾ പോലെ അതും അധികനാൾ നീണ്ടു നിന്നില്ല...അടുത്തത് വീഴുന്നിടം വരെ